പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 560

08.08.2017 ൽ മറുപടിക്ക്

## പാറക്വാറികളിൽ ഖനനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡി.കെ. മുരളി | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) പാറക്വാറികളിൽ ഖനനം നടത്തുന്നതിനായി അനുമതി ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 10 പ്രകാരം ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിംഗ് പെർമിറ്റും റൂൾ 40 പ്രകാരം 5 മുതൽ 12 വർഷം വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസുമാണ് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിക്കുന്നത്. ക്വാറിയിംഗ് പെർമിറ്റും ലീസും അനുവദിക്കുന്നതിനു അപേക്ഷകൻ അപേക്ഷ യോടൊപ്പം താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.<br>1. അപേക്ഷാ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്.<br>2. റവന്യൂ അധികാരികൾ അനുവദിക്കുന്ന അപേക്ഷാസ്ഥലത്തിന്റെ സർവേ മാപ്പ്.<br>3. റവന്യൂ അധികാരികൾ അനുവദിക്കുന്ന അപേക്ഷാസ്ഥലത്തിന്റെ ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ് (അപേക്ഷാസ്ഥലത്തിന്റെ ബൗണ്ടറി അടയാളപ്പെടുത്തിയ സർട്ടിഫിക്കറ്റ്)<br>4. അപേക്ഷാസ്ഥലം മറ്റ് ആവശ്യങ്ങൾക്ക് പതിച്ചു നല്കിയതല്ലായെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.<br>5. അപേക്ഷാസ്ഥലം അപേക്ഷകന്റേതല്ലെങ്കിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത വസ്തു ഉടമയുടെ സമ്മതപത്രം. അപേക്ഷാസ്ഥലം സർക്കാർ പുറമ്പോക്ക് ഭൂമി ആണെങ്കിൽ ജില്ലാ കളക്ടർ അനുവദിക്കുന്ന നിരാക്ഷേപപത്രം.<br><br>കൂടാതെ, ജില്ലാതല/ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അനുവദിക്കുന്ന എൻവയോൺമെന്റൽ ക്ലിയറൻസും നിർബന്ധമാണ്. ഇതിനു പുറമേ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള കൺസന്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള D&O ലൈസൻസ്, എക്സ്പ്ലോസീവ് |

| | |
|---|---|
| | ലൈസൻസ് എന്നിവ ഹാജരാക്കേണ്ടതുണ്ട്. ഖനനം അനുവദിക്കുന്ന സ്ഥലത്തിന്റെ അതിരുകളിലേയ്ക്ക് റെയിൽവെ ലൈൻ, നാഷണൽ ഹൈവേയിലുള്ള പാലങ്ങൾ എന്നിവയിൽ നിന്നും 100 മീറ്ററിൽ കൂടുതൽ ദൂരം പാലിക്കേണ്ടതാണ്. ആൾതാമസമുള്ള വീട്, റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പഞ്ചായത്ത് റോഡുകൾ എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധിയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നും ഒരു കിലോമീറ്റർ ദൂരപരിധിയും പാലിക്കേണ്ടതാണ്. |
| (ബി) അനധികൃത ഖനനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (ബി) അനധികൃത ഖനനം തടയുന്നതിന് 1957 ലെ മൈൻസ് & മിനറൽസ് (ഡവലപ്മെന്റ് & റെഗുലേഷൻ) ആക്ടും അതിനോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും പ്രകാരം നിയമ നടപടികൾ എടുത്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**